**ആലപ്പുഴ ജില്ലയിൽ പൊഴിച്ചാലിനു കുറുകെ വാക്കയിൽ പാലം നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കൽ പദ്ധതി**

**വിദഗ്ദ്ധസമിതിയോഗം**

**യോഗസ്ഥലം : P.W.D.റെസ്റ്റ് ഹൗസ്, ആലപ്പുഴ**
**തീയതി : *7 ജൂലൈ 2021***

***യോഗത്തിൽ പങ്കെടുത്ത* വിദഗ്ദ്ധ സമിതി *അംഗങ്ങൾ***

1. ശ്രീമതി. മീന കുരുവിള (ഒപ്പ്)
   വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ
2. ശ്രീമതി. ശോഭ. എസ് (ഒപ്പ്)
   ഡെപ്യൂട്ടി കളക്ടർ(എൽ.എ)
   ആലപ്പുഴ
3. ശ്രീ. നിഹാൽ.എ (ഒപ്പ്)
   ഡെപ്യൂട്ടി എക്സിക്യൂട്ടിവ് എഞ്ചിനീയർ
   പൊതുമരാമത്ത് വകുപ്പ് (പാലം)
4. ശ്രീ. സന്തോഷ്കുമാർ കെ.എസ്. (ഒപ്പ്)
   സ്പെഷ്യൽ തഹസിൽദാർ
   എൽ.എ.ജനറൽ
   ആലപ്പുഴ
5. ശ്രീമതി. മരിയ ടെൻസി വി.എസ്. (ഒപ്പ്)
   സോഷ്യൽ സയൻറിസ്റ്റ്
6. ശ്രീ. ദിനേശൻ (ഒപ്പ്)
   മെമ്പർ, വാർഡ് നമ്പർ 15
   തുറവൂർ ഗ്രാമ പഞ്ചായത്ത്
7. ശ്രീമതി മോളി രാജേന്ദ്രൻ (ഒപ്പ്)
   പ്രസിഡൻറ്
   തുറവൂർ ഗ്രാമ പഞ്ചായത്ത്

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ പൊഴിച്ചാലിനു കുറുകെ വാക്കയിൽ പാലം നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ച് ശ്രീമതി പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി വീട്, ആലിൻ ചുവട്, ഇടപ്പള്ളി, എറണാകുളം എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് സമർപ്പിച്ച, RFCTLARR നിയമം 2013 സെക്ഷൻ 4 അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടറുടെ 17.06.2021 തീയതിയിലെ നം.ജി4-19825/2018 ഉത്തരവ് പ്രകാരം രൂപീകൃതമായ വിദഗ്ദ്ധ സമിതി സമർപ്പിക്കുന്ന റിപ്പോർട്ട്.

മേൽ സൂചിപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനുവേണ്ടി 7.7.2021 തീയതി പകൽ 12 മണിക്ക് ആലപ്പുഴ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ വിദഗ്ദ്ധ സമിതി യോഗം ചേർന്നു. പദ്ധതിയുടെ ആവശ്യകതയെക്കുറിച്ചും, പദ്ധതിമൂലം ഉണ്ടാകുവാനിടയുള്ള സാമൂഹ്യപ്രത്യാഘാതങ്ങളെക്കുറിച്ചും ടി റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വിവരങ്ങൾ വിദഗ്ദ്ധസമിതി വിശകലനം ചെയ്യുകയും പ്രസ്തുത പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് റിപ്പോർട്ടിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ സമിതി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ വിലയിരുത്തലുകളും ശുപാർശകളും താഴെ വിവരിക്കുന്നു.

***വിലയിരുത്തലുകൾ***

- ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ തുറവൂർ പഞ്ചായത്ത് പരിധിയിലെ പൊഴിച്ചിറയെയും പടിഞ്ഞാറേ മനക്കോടത്തേയും ബന്ധിപ്പിച്ചുകൊണ്ട് വാക്കയിൽ പാലം നിർമ്മിക്കുന്നതിലൂടെ പ്രസ്തുത പ്രദേശത്തെ യാത്രാക്ലേശം കുറക്കുകയും ദേശീയ പാതയിലേക്കും പട്ടണത്തിലേക്കുമുള്ള ബന്ധപ്പെടൽ എളുപ്പമാക്കുകയും ചെയ്യും എന്നതിനാൽ പദ്ധതി ടി പ്രദേശത്തിൻെറ ഒരു പൊതു ആവശ്യമാണ്. നിർദ്ദിഷ്ട പദ്ധതി RFCTLARR നിയമം 2013 സെക്ഷൻ 2(1)ബി(i) ൽ ഉൾപ്പെട്ടിട്ടുള്ള പൊതു ആവശ്യത്തിൻ കീഴിൽ ഉൾപ്പെടുന്നു
- പദ്ധതിമൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള നേട്ടങ്ങളും വികസന സാധ്യതയും കണക്കിലെടുക്കുമ്പോൾ പദ്ധതിയ്ക്ക് കുറഞ്ഞ സാമൂഹ്യ പ്രത്യാഘാതങ്ങളാണ് ഉണ്ടാകുവാനിടയുള്ളത് എന്ന് വിലയിരുത്തുന്നു.
- പദ്ധതിക്ക് ആവശ്യമായ 32.98 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്.

***ശുപാർശകൾ***

- വാക്കയിൽ പാലം നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ 11 ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള ഭൂമി നഷ്ടം, ആസ്തികളുടെ നഷ്ടം, ഉപജീവനമാർഗം നഷ്ടമാകൽ എന്നിവ ലഘൂകരിക്കുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന RFCTLARR

നിയമം 2013 ഉം അതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പോളിസികളും പ്രകാരം ലഘൂകരണ നടപടികൾ കൈക്കൊള്ളുക

- പദ്ധതി മൂലം പ്രവേശനമാർഗം നഷ്ടമാകുവാനിടയുള്ള 4 കുടുംബങ്ങൾക്ക് അവരുടെ വസ്തുവിലേക്ക് പ്രവേശിക്കുന്നതിന് ബദൽ സംവിധാനം ഉണ്ടായിരിക്കണം.
- പദ്ധതി പ്രദേശത്ത് കടത്ത് വഞ്ചി സേവനം നൽകുന്ന വ്യക്തിയെയും ഉപജീവനത്തിനുള്ള നഷ്ടപരിഹാരത്തിന് പരിഗണിക്കണം.

നിർദ്ദിഷ്ട പദ്ധതി, പ്രദേശത്തിന്റെ യാത്രാക്ലേശം പരിഹരിച്ച്, പട്ടണവുമായുള്ള ബന്ധപ്പെടൽ എളുപ്പമാക്കി പ്രദേശത്തിന്റെ വികസനം സാധ്യമാക്കും എന്നും പ്രസ്തുത നേട്ടങ്ങളുമായി തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കൽ മൂലം കുറഞ്ഞ പ്രത്യാഘാതങ്ങളേ ഉണ്ടാകുന്നുള്ളു എന്നും വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

ആയതിനാൽ മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ശുപാർശകൾ കൂടി പരിഗണിച്ച് RFCTLARR നിയമം 2013 ഉം ടി നിയമത്തിന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/ 2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്ന തിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകി വാക്കയിൽ പാലം നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാമെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

ശോഭ. എസ്
ഡെപ്യൂട്ടികളക്ടർ(എൽ.എ)
ആലപ്പുഴ

സന്തോഷ്കുമാർ കെ.എസ്.
സ്പെഷ്യൽ തഹസിൽദാർ
എൽ.എ.ജനറൽ,ആലപ്പുഴ

മരിയ ടെൻസി വി.എസ്.
സോഷ്യൽ സയന്റിസ്റ്റ്

നിഹാൽ.എ
എക്സിക്യൂട്ടിവ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ്(പാലം)

ദിനേശൻ
മെമ്പർ,വാർഡ് നമ്പർ 15
തുറവൂർ ഗ്രാമപഞ്ചായത്ത്

മോളി രാജേന്ദ്രൻ
പ്രസിഡന്റ്
തുറവൂർ ഗ്രാമപഞ്ചായത്ത്

മീന കുരുവിള
ചെയർപേഴ്സൺ
വിദഗ്ദ്ധസമിതി

റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി :15/07/2021